**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3847** **19.02.2013-ൽ മറുപടിക്ക്.**

**നെടുമങ്ങാട് പോലീസ് സ്റ്റേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) നെടുമങ്ങാട് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സർക്കിൾ ഇൻസ്പെക്ടർ, ഡി.വൈ.എസ്.പി എന്നീ ആഫീസുകൾക്കും സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽ ഉണ്ടോ ; | : (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; | : (സി) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, ഡി.വൈ.എസ്.പി ഓഫീസ് (സബ് ഡിവിഷണൽ പോലീസ് ഓഫീസ്) എന്നിവ സംയോജിപ്പിച്ചുകൊണ്ട് നെടുമങ്ങാട് ഒരു കെട്ടിടം പണിയുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (ഡി) ഉണ്ടെങ്കിൽ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ; | : (ഡി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായി 54.95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പേപ്പാറയിൽ നിർമ്മിക്കുവാനുദ്ദേശിച്ച 20 ലക്ഷം രൂപയുടെ ടൂറിസ്റ്റ് പോലീസ് പ്രൊട്ടക്ഷൻ സെന്റർ നെടുമങ്ങാട് പോലീസ് സ്റ്റേഷനോടൊപ്പം കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതിനാൽ മൊത്തം അനുവദിച്ച തുക 74.95 ലക്ഷം രൂപയാണ്. |
| (ഇ) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ? | : (ഇ) കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു. 2013 സെപ്റ്റംബർ മാസത്തോടെ പണി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ